**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2060** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് ഫയർ സ്റ്റേഷന്റെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ബഡ്ജറ്റിൽ എസ്റ്റിമേറ്റ് തുകയുടെ 20% അനുവദിച്ചിരുന്ന ഹരിപ്പാട് ഫയർസ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച എസ്റ്റിമേറ്റിന് നാളിതുവരെ ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം അറിയിക്കാമോ; | (എ) | ഹരിപ്പാട് ഫയർ സ്റ്റേഷന് ലഭ്യമായ ചിങ്ങോലി വില്ലേജിലെ ഭൂമിയിലേയ്ക്കുള്ള വഴിയുടെ വീതി കുറവായതിനാൽ വഴി വികസിപ്പിക്കുന്നതിന് 54 ച.മീ. ഭൂമി ഏറ്റെടുക്കുന്നതിനായി 1,11,667/- രൂപയ്ക്ക് ധനാനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത 54 ച.മീ. സ്ഥലം ഏറ്റെടുക്കുന്നതിനായി അർത്ഥനാപത്രം സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതിക്കുള്ള പുതുക്കിയ ശിപാർശ സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല. |
| (ബി) | ഹരിപ്പാട് ഫയർസ്റ്റേഷൻ ഇപ്പോൾ പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിൽ നിന്നും മാറാൻ നിർബന്ധിതമായിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | ഖണ്ഡം (A) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ